"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.പ്രജീഷ്.റ്റി.എച്ച്-ന്റെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.724/2022/LSGD തീയതി,തിരുവനന്തപുരം, 24-03-2022

---

പരാമർശം:-

1. ശ്രീ.പ്രജീഷ്.റ്റി.എച്ച് സമർപ്പിച്ച 13.07.2021 ലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷ.
2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 20.11.2021 ലെ ഇ14/9476/2021/സി.ഇ/തസ്വഭവ നമ്പർ കത്ത്.
3. തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ 22.10.2021 ലെ B4-21067/2021/DMO(H) നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എൽ.ഐ.ഡി & ഇ.ഡബ്ല്യൂ വിഭാഗത്തിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.പ്രജിഷ്.റ്റി.എച്ച്, തന്റെ ഭാര്യയുടെ ചികിത്സയ്ക്ക് തിരുവനന്തപുരം നിംസ് ആശുപത്രിയിൽ 30.06.2021 - 03.07.2021 കാലയളവിൽ ചെലവായ 83,376/- രൂപ (എൺപത്തി മൂവായിരത്തി മുന്നൂറ്റി എഴുപത്തിയാറ് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീ.പ്രജീഷ്.ടി.എച്ച്-ന്റെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക `56,231/- രൂപ(അൻപത്തി ആറായിരത്തി ഇരുനൂറ്റി മുപ്പത്തിയൊന്ന് രൂപ മാത്രം) ആണെന്ന് തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എൽ.ഐ.ഡി & ഇ.ഡബ്ല്യൂ വിഭാഗത്തിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.പ്രജിഷിന്റെ ഭാര്യയുടെ ചികിത്സയ്ക്ക് തിരുവനന്തപുരം നിംസ് ആശുപത്രിയിൽ 30.06.2021 - 03.07.2021 കാലയളവിൽ ചെലവായ തുകയിൽ തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ `44,985/- രൂപ (നാല്പത്തി നാലായിരത്തി തൊള്ളായിരത്തി എൺപത്തിയഞ്ച് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു. മേൽ തുക 2515-00-001-92-01—04—MR" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

 റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

1.ശ്രീ.പ്രജിഷ്.റ്റി.എച്ച്, ഓഫീസ് അറ്റൻഡന്റ് (തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന).

2.ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

3.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.

✓4.എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

5.ധനകാര്യ വകുപ്പ് (13.03.2022-ലെ 1996948/ലോൺസ്-എൽ3/62/2022-ധന നമ്പർ കുറിപ്പ് പ്രകാരം)

6.ആരോഗ്യ കുടുംബക്ഷേമ വകുപ്പ്(02.02.2022-ലെ ജി2/1762/2021/ആ.കു.വ. നമ്പർ കുറിപ്പ് പ്രകാരം)

7.വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

8.കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by Sreekanth G
Date: 24-03-2022 11:36:16
സെക്ഷൻ ഓഫീസർ